# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

---

| | |
|---|---|
| വിഷയം:- | ആ.വ.ഡ. - ആ.വ.ഡ. -ശ്രീ.നിസാമുദ്ദീൻ എ, റേഡിയോഗ്രാഫർ ഗ്രേഡ് II, സാമൂഹ്യരോഗ്യ കേന്ദ്രം, നെന്മാറ, പാലക്കാട് - റേഡിയോഗ്രാഫർ ഗ്രേഡ് II കേഡറിലെ പ്രൊബേഷൻ അവസാനിപ്പിച്ചു സർവീസിൽ നിന്ന് നീക്കം ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു |
| പരാമർശം:- | 1. പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസറുടെ 21.05.2025 തീയതിയിലെ A6/2558/2025 നം. കത്ത്.<br>2. കാരണം കാണിക്കൽ നോട്ടീസ് നമ്പർ DHS/14456/2025-EF3, തീയതി: 23.06.2025. |

**ഉത്തരവ് നം: ആ.വ.ഡ./14456/2025-ഇ.എഫ്.3, തീയതി: 19-02-2026**

---

ശ്രീ.നിസാമുദ്ദീൻ എ, റേഡിയോഗ്രാഫർ ഗ്രേഡ് II, സാമൂഹ്യരോഗ്യ കേന്ദ്രം, നെന്മാറ, പാലക്കാട് 29.01.2015 ൽ റേഡിയോഗ്രാഫർ ഗ്രേഡ് II ആയി ആരോഗ്യവകുപ്പിൽ സേവനത്തിൽ പ്രവേശിച്ചു. നെന്മാറ സാമൂഹ്യരോഗ്യ കേന്ദ്രത്തിൽ റേഡിയോഗ്രാഫർ ഗ്രേഡ് II ആയി ജോലി ചെയ്യവേ 19.02.2015 തീയതിയിൽ ടിയാൾ KSR Part-1 Appendix XII A പ്രകാരം 5 വർഷത്തേക്ക് ശൂന്യവേതനാവധിയിൽ പ്രവേശിച്ചു. അവധിക്കാലയളവ് തീർന്നമുറയ്ക്ക് ടിയാന്റെ അപേക്ഷ പ്രകാരം 5 വർഷത്തേക്ക് കൂടി അവധി ദീർഘിപ്പിച്ചു നൽകുകയുണ്ടായി.

ശൂന്യവേതനാവധി കാലാവധി അവസാനിച്ച് 20.02.2025 തീയതിയിൽ ജോലിയിൽ പ്രവേശിക്കേണ്ട ശ്രീ.നിസാമുദ്ദീൻ എ അനധികൃതമായി ജോലിക്കു ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (2) പ്രകാരം കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് & കണ്ടക്ട് (Work&Conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിനു കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിനു പരാമർശം (2) പ്രകാരം നോട്ടീസ് നൽകുകയും ചെയ്തിരുന്നു. ശ്രീ.നിസാമുദ്ദീൻ എ കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റിയെങ്കിലും ഇതുവരെ പ്രതിവാദ പത്രിക സമർപ്പിച്ചിട്ടില്ല .

20.02.2025 മുതൽ അനധികൃതമായി ജോലിക്കു ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷനർ ആയ ശ്രീ.നിസാമുദ്ദീൻ എ യുടെ വർക്ക് & കണ്ടക്ട് തൃപ്തികരമല്ല എന്നു വിലയിരുത്തുന്നു.

മേൽ സാഹചര്യത്തിൽ 1958 ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസസ് റൂൾസ് പാർട്ട് Il ചട്ടം 19 (a) (ii) പ്രകാരം ശ്രീ.നിസാമുദ്ദീൻ എ, റേഡിയോഗ്രാഫർ ഗ്രേഡ് II ന്റെ പ്രൊബേഷൻ അവസാനിപ്പിച്ചു ടിയാളെ സേവനത്തിൽ നിന്ന് നീക്കം ചെയ്യുവാൻ പരാമർശം (2) പ്രകാരം എടുത്ത താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി 20.02.2025 തീയതി പ്രാബല്യത്തിൽ ടിയാളെ സേവനത്തിൽ നിന്നും നീക്കം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

Digitally signed by
Reena K J
Date: 19-02-2026
12:55:34

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്:-

Nisamuddeen A,
TNN Manzil,
Kaniyankara,
Parambilpalam
Andoorkkonam Pn O,
Thiruvananthapuram

പകർപ്പ്:-

1. ജില്ല മെഡിക്കൽ ഓഫീസർ, പാലക്കാട്.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് (പ്രസിദ്ധീകരണത്തിന്)
3. ഫയൽ/കരുതൽ ഫയൽ